**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. രാമനാഥൻ, സെക്രട്ടറി ശ്രീ രാജേഷ് ടി വർഗ്ഗീസ്, യു.ഡി. ക്ലാർക്കുമാരായ ശ്രീ. ഷാജി ജോൺ, ശ്രീമതി. രജിത ആർ. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1256/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 20.04.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.11.2012-ലെ ഇ 5-(എസ് സി 23/2012/കെടിഎം) 20851/2012 നമ്പർ കത്ത്

2. സർക്കാരിന്റെ 10.05.2013-ലെ 7015/ഇപിബി2/13/തസ്വഭവ നമ്പർ കുറ്റപത്രം

3. ശ്രീ. എൻ. രാമനാഥൻ,ശ്രീ രാജേഷ് ടി വർഗ്ഗീസ്, ശ്രീ. ഷാജി ജോൺ, ശ്രീമതി. രജിത. ആർ എന്നിവരുടെ യഥാക്രമം 22.07.2013, 29.07.2013, 22.07.2013, 24.07.2013 തീയതികളിലെ പ്രതിവാദ പത്രികകൾ

4. പഞ്ചായത്ത് ഡയറക്ടറുടെ 18.06.2014-ലെ ഡി5-17858/2013 നമ്പർ കത്ത്

**ഉത്തരവ്**

"ഓപ്പറേഷൻ ഗ്രാമ" യുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് പരിശോധനയിൽ, കെട്ടിട പെർമിറ്റ് അപേക്ഷകളിന്മേൽ മന:പൂർവ്വം കാലതാമസം വരുത്തുന്നു, ബിൽഡിംഗ് പെർമിറ്റുകൾ ആവശ്യമായ രേഖകൾ ഇല്ലാതെ നൽകുന്നു എന്നീ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദികളായ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രാമനാഥൻ എൻ, സെക്രട്ടറി ശ്രീ. രാജേഷ് ടി. വർഗ്ഗീസ്, മുൻ യു.ഡി. ക്ലാർക്ക് ശ്രീ. ഷാജി ജോൺ, യു.ഡി. ക്ലാർക്ക് ശ്രീ. രജിത ആർ എന്നിവർക്ക് പരാമർശം (2) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി സർക്കാർ അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. രാമനാഥൻ 08.08.2011 വരെ ടി ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നുവെന്നും ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ വിജിലൻസ് പരാമർശമുള്ള 34 അപേക്ഷകൾക്കും പെർമിറ്റ് അനുവദിച്ചതായും, പല അപേക്ഷയും സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധന കഴിഞ്ഞ് തിരികെ നൽകിയതിൽ കാലതാമസം നേരിട്ടതായി കാണുന്നുണ്ടെന്നും പെർമിറ്റ് അപേക്ഷകൾ സാങ്കേതിക വിഭാഗം ജീവനക്കാർ അന്വേഷിച്ച് തിരികെ നൽകിയതിൽ കാലതാമസം നേരിട്ടതിനാൽ ചട്ടപ്രകാരം 30 ദിവസത്തിനുള്ളിലും മുൻഗണനയനുസരിച്ചും പെർമിറ്റ് നൽകാൻ സാധിച്ചിട്ടില്ല എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. രാജേഷ്. ടി. വർഗ്ഗീസ് 09.08.2011-ലാണ് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചുമതലയേറ്റതെന്നും, കുറ്റാരോപണ പത്രികയിലെ 34 പെർമിറ്റ് അപേക്ഷകളും 24.06.2011 തീയതിയിൽ വരെ ലഭിച്ചിട്ടുള്ളതും ലഭിച്ച അപേക്ഷകൾ സാങ്കേതിക വിഭാഗത്തിന് കൈമാറുകയും തുടർന്ന് സാങ്കേതിക വിഭാഗം ജീവനക്കാർ അന്വേഷണം കഴിഞ്ഞ് തിരികെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നൽകിയിട്ടുണ്ടെന്നും ചില അപേക്ഷകളിൽ അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും സാങ്കേതിക വിഭാഗം ജീവനക്കാർ അന്വേഷിച്ച് തിരികെ നൽകിയതിൽ കാലതാമസം നേരിട്ടതിനാൽ 3 അപേക്ഷകളിന്മേൽ ചട്ടപ്രകാരം 30 ദിവസത്തിനുള്ളിലും മുൻഗണനയനുസരിച്ചും പെർമിറ്റ് നൽകാൻ സാധിച്ചിട്ടില്ല എന്ന് കാണുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലംനികത്തിയ സ്ഥലത്ത് കെട്ടിട നിർമ്മാണം നൽകുന്നതിനായുള്ള കമ്മിറ്റി എല്ലാ മാസവും കൂടുന്നില്ല എന്ന ശ്രീ. രാജേഷ് ടി. വർഗ്ഗീനെതിരായ ആരോപണം സംബന്ധിച്ച് ആയതിന് ഓഫീസിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം കുറവായിരുന്നതിനാൽ കമ്മിറ്റി അംഗങ്ങളായ മറ്റ് ഉദ്യോഗസ്ഥരുടെ അഭിപ്രായം മാനിച്ച് 3 മാസ കാലാവധി അധികരിക്കാതെ കമ്മിറ്റി വിളിച്ചു കൂട്ടിയിട്ടുണ്ടെന്നും, ടിയാൻ ചുമതലയേൽക്കുന്നതിനു മുമ്പ് നടന്ന യോഗങ്ങളിൽ പരിഗണിക്കുവാൻ കഴിയുമായിരുന്ന അപേക്ഷകളും, സ്ഥലപരിശോധന നടത്തി തീർപ്പാക്കിയിട്ടുള്ളതും, കൂടാതെ തിരക്കുമൂലം എല്ലാ മാസവും ടി യോഗം ചേരാൻ കഴിയാതെ പോയിട്ടുള്ളതായും മേലിൽ ടി യോഗം എല്ലാ മാസവും വിളിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം കുറവായതിനാലാണ് എല്ലാ മാസവും നിലം കമ്മിറ്റി കൂടാൻ കഴിയാതെ വന്നതെന്ന സെക്രട്ടറിയുടെ അഭിപ്രായം കണക്കിലെടുത്ത് ടി ആരോപണത്തിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ബിൽഡിംഗ് പെർമിറ്റുകൾ ആവശ്യമായ രേഖകൾ ഇല്ലാതെ നൽകുന്നു എന്ന ടിയാനെതിരെയുള്ള ആരോപണം പരിശോധിച്ചതിൽ ശ്രീ. രാജേഷ് ടി. വർഗ്ഗീസ് സെക്രട്ടറിയായി ചുമതലവഹിച്ച 09.08.2011 മുതൽ 07.06.2012 വരെയുള്ള ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ രേഖകൾ ഇല്ലാതെ പെർമിറ്റ് നൽകിയിരിക്കുന്നത് കണ്ടെത്താനായിട്ടില്ല എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വിജിലൻസ് പരിശോധന സമയത്ത് ഫയലുകൾ ഹാജരാക്കിയില്ല എന്ന ആരോപണം സംബന്ധിച്ച് ടിയാന്റെയും മുൻ സെക്രട്ടറിയുടേയും കാലാവധിയിലെ മുഴുവൻ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും വന്നിട്ടില്ല എന്നും നിലംനികത്തൽ അന്വേഷണ കമ്മിറ്റി മിനിട്ട്സിൽ പെർമിറ്റ് അനുവദിച്ച 2 അപേക്ഷകൾ രേഖപ്പെടുത്തിയില്ല എന്ന ആരോപണം സംബന്ധിച്ച് മിനിട്ട്സിൽ 2 പേരുകൾ എഴുതാൻ വിട്ടുപോയത് ക്ലറിക്കൽ പിഴവുമൂലമാണെന്ന് അന്വേഷണ സംഘത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും നിലവിൽ നിലം കമ്മിറ്റി രജിസ്റ്ററിൽ ക്ലറിക്കൽ പിഴവ് മൂലം എഴുതാൻ വിട്ട രണ്ടുപേരുകളും എഴുതിച്ചേർത്തിട്ടുണ്ടെന്നും ആയതിനാൽ ടി ആരോപണത്തിൽ നിന്നും ടിയാനെ ഒഴിവാക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. രജിത ആർ, യു.ഡി. ക്ലാർക്ക് ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ മന:പൂർവ്വം കാലതാമസം വരുത്തി എന്നുള്ള ആരോപണം സംബന്ധിച്ച് വിജിലൻസ് പരാമർശമുള്ള 34 അപേക്ഷകളിൽ ക്രമനമ്പർ 18 വരെയുള്ള അപേക്ഷകൾ ടിയാരി ചുമതലയേൽക്കുന്നതിന് മുമ്പ് തീർപ്പാക്കിയിട്ടുള്ളതും ചില അപേക്ഷകളിൽ ന്യൂനതയുണ്ടായിരുന്നതിനാൽ അറിയിപ്പ് നൽകി ന്യൂനത പരിഹരിച്ച് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെന്നും പെർമിറ്റ് അപേക്ഷകൾ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കൈമാറുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കും അപേക്ഷകർ ഫീസ് അടയ്ക്കുന്നമുറയ്ക്കുമാണ് പെർമിറ്റ് നൽകുന്നതെന്നും ആയതിനാലാണ് മുൻഗണനാക്രമത്തിൽ അപേക്ഷകൾ തീർപ്പാക്കുവാൻ സാധിക്കാതെ വരുന്നത് എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ശ്രീ. ഷാജി ജോൺ. ആർ, യു.ഡി. ക്ലാർക്ക് ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളിൽ മന:പൂർവ്വം കാലതാമസം വരുത്തി എന്നുള്ള ആരോപണം സംബന്ധിച്ച്, പെർമിറ്റ് അപേക്ഷകൾ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി സാങ്കേതിക വിഭാഗം ജീവനക്കാർക്ക് കൈമാറുകയും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കും അപേക്ഷകർ ഫീസ് അടയ്ക്കുന്നമുറയ്ക്കുമാണ് പെർമിറ്റ് നൽകുന്നതെന്നും ആയതിനാലാണ് മുൻഗണനാക്രമത്തിൽ അപേക്ഷകൾ തീർപ്പാക്കുവാൻ സാധിക്കാതെ വരുന്നത് എന്നും, അപേക്ഷകൾ സാങ്കേതിക വിഭാഗം ജീവനക്കാർ അന്വേഷണം കഴിഞ്ഞ് തിരികെ ലഭിച്ചതിൽ നേരിട്ട കാലതാമസംമൂലവും അപേക്ഷകർ ഫീസ് അടവാക്കിയതിൽ വന്ന വ്യത്യാസവുംമൂലവും മുൻഗണനയനുസരിച്ചും 30 ദിവസ കാലാവധിക്കുള്ളിലും പെർമിറ്റ് അനുവദിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വ്യക്തമാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു സാങ്കേതിക വിഭാഗത്തിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കാണ് പെർമിറ്റ് അനുവദിച്ചു വന്നിരുന്നതെന്നും ഇത് മുൻഗണനാ ക്രമത്തിലല്ലാത്തതിനാലാണ് പെർമിറ്റുകൾ മുൻഗണനാക്രമത്തിൽ നല്കാൻ കഴിയാതിരുന്നതെന്നും വ്യക്തമാകുന്നുണ്ട്. ഇതുതന്നെയായിരുന്നു ടി ഉദ്യോഗസ്ഥർക്കെതിരെയുള്ള പ്രധാന ആരോപണവും. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ല തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. രാമനാഥൻ, സെക്രട്ടറി ശ്രീ രാജേഷ് ടി വർഗ്ഗീസ്, യു.ഡി. ക്ലാർക്കുമാരായ ശ്രീ. ഷാജി ജോൺ, ശ്രീമതി. രജിത എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽനിന്ന് ടിയാളുകളെ കുറ്റവിമുക്തരാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.264/ഡി3/2017/വിജി. തീയതി 28.01.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.7015/ഇപിബി2/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ